# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1467

13-06-2014 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഹംസ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകരിൽ നിന്നും കഴിഞ്ഞ 2 സീസണുകളിലു മായി എത്ര ടൺ നെല്ലാണ് സംഭരിച്ചത്; സംഭരണവില ടണ്ണിന് എത്രയായിരുന്നു; | (എ) | സംസ്ഥാനത്ത് കർഷകരിൽ നിന്നും 2013-14 ഒന്നാം സീസണിൽ കിലോഗ്രാമിന് 18 രൂപ നിരക്കിൽ 135581.059 മെട്രിക് ടൺ നെല്ല് സംഭരിച്ചു. രണ്ടാം സീസണിൽ 06/06/2014 വരെ 397618.651 മെട്രിക് ടൺ നെല്ല് സംഭരിച്ചു. ജനുവരിയിൽ ആരംഭിച്ച രണ്ടാം സീസണിൽ 02/03/2014 വരെ 18 രൂപ നിരക്കിലും അതിന് ശേഷം 03/03/2014 മുതൽ കിലോയ്ക്ക് 19 രൂപ നിരക്കിലും സംഭരിച്ചു വരുന്നു. |
| (ബി) | ഒന്നാംവിളയിൽ നിന്നും എത്ര മെട്രിക് ടൺ നെല്ല് സംഭരിച്ചു; അതിനായി എത്ര തുക കർഷകർക്ക് നൽകുവാനുണ്ട്; | (ബി) | 2013-14 ഒന്നാം സീസണിൽ 135581.059 മെട്രിക് ടൺ നെല്ല് സംഭരിച്ചു. ആയതിന്റെ വിലയായ 244.04 കോടി രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകി കഴിഞ്ഞു. |
| (സി) | രണ്ടാം വിളയിൽ നിന്നും എത്ര മെട്രിക് ടൺ നെല്ല് സംഭരിച്ചു; എത്ര തുക കർഷകർക്ക് നൽകുവാനുണ്ട്; | (സി) | 2013-14 രണ്ടാം സീസണിൽ 06/06/2014 വരെ 397618.651 മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഇതിന്റെ വിലയിൽ ഏകദേശം 350 കോടി രൂപ കൂടി കർഷകർക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുവാനുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തൊട്ടാകെ എത്ര തുകയാണ് സംഭരണ വിലയിനത്തിൽ കുടിശ്ശികയുള്ളത്; | (ഡി) | രണ്ടാം സീസണിൽ നെല്ല് സംഭരിച്ച ഇനത്തിൽ ഇനി 350 കോടി രൂപ കൂടി കർഷകർക്ക് നൽകുവാനുണ്ട്. |
| (ഇ) | ഏറ്റവും കൂടുതൽ തുക കുടിശ്ശിക നൽകുവാനുള്ളത് ഏത് ജില്ലയ്ക്കാണ്; എത്ര തുക; | (ഇ) | നെല്ല് സംഭരണ കുടിശ്ശിക ഇനത്തിൽ ആലപ്പുഴ ജില്ലയ്ക്ക് മാത്രം 140 കോടി രൂപ നൽകുവാനുണ്ട്. |
| (എഫ്) | നെല്ല് സംഭരണ കുടിശ്ശിക എന്നത്തേക്ക് കൊടുത്തുതീർക്കും; | (എഫ്) | ജൂലൈ മാസത്തോടുകൂടി മുഴുവൻ തുകയും കൊടുത്തു തീർക്കുന്നതാണെന്ന് സപ്ലൈകോ അറിയിച്ചിട്ടുണ്ട്. |
| (ജി) | കർഷകരെ ആത്മഹത്യയിലേക്ക് നയിക്കാതെ പ്രശ്നപരിഹാരത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ജി) | ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും കേരളത്തിൽ നൽകുന്നത്ര വില കിലോഗ്രാമിന് 19/- രൂപ നെല്ലിന് നൽകുന്നില്ല. അല്പം വൈകിയാണെങ്കിലും, കർഷകർക്ക് കൊടുക്കുവാനുള്ള മുഴുവൻ തുകയും നൽകി വരുന്നുണ്ട്. നെല്ലെടുത്താൽ ഉടൻ തന്നെ കർഷകർക്ക് വില നൽകുന്നതിനായി 350 കോടി രൂപയുടെ ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിൽ സമർപ്പിച്ചിട്ടുണ്ടെന്ന് സപ്ലൈകോ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ